11073
23/10/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ്- ആലപ്പുഴ (അർബൻ) ഐസിഡിഎസ് ഓഫീസ് സിവിൽ സ്റ്റേഷൻ ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന്- ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം. 628/2014/സാനീവ തീയതി, തിരുവനന്തപുരം.16.10.2014

---

പരാമർശം : സാമൂഹ്യനീതി ഡയറക്ടറുടെ 4.4.2014 ലെയും 23.9.2014 ലെയും ഐസിഡിഎസ് -ബി5-847/14 നംപർ കത്ത്.

<u>ഉത്തരവ്</u>

ആലപ്പുഴ (അർബൻ) ഐസിഡിഎസ് ഓഫീസ് പുതുതായി നിർമ്മാണം പൂർത്തീകരിച്ച സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തനം തുടങ്ങുന്നതിന് ഓഫീസ് സാധനങ്ങൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനായി കയറ്റിയിറക്ക് കൂലി ഉൾപ്പെടെ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായെന്നും ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുള്ളകുഞ്ഞ്, കണ്ണൻവർക്കിപാലം, ആലപ്പുഴ എന്ന വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്ത് ഉറപ്പിച്ച തുകയായ 22,333/- രൂപ അനുവദിക്കണമെന്നും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-98(പി)-05-OE-4 അദർചാർജ്ജസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആലപ്പുഴ (അർബർ) ഐസിഡിഎസ് ഓഫീസ് സിവിൽ സ്റ്റേഷൻ ഓഫീസ് കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നിരക്കായ 22,333/- രൂപ ( ഇരുപത്തിരണ്ടായിരത്തി മുന്നൂറ്റി മുപ്പത്തിമൂന്ന് രൂപ മാത്രം) അംഗീകരിച്ചും, ടി തുക 2235-02-102-98(പി)-05-OE-4 OC ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ,
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ